

## ആരാധനാഭവൻ കോതമംഗലം

സ്ഥാപനം : 1985

നൊവിഷ്യേറ്റ് ഭവനം വേറിട്ടൊരു ഭവനമായിരിക്കണമെന്നുള്ള തിരുസ്സഭാധികാരികളുടെ നിർദ്ദേശപ്രകാരം നൊവിഷ്യേറ്റ് മാറികയിൽ നിന്ന് മാറ്റേണ്ടതായി വന്നു. ഏകാന്തതയും പരിശുദ്ധിയും പരിഗണിച്ച് പട്ടണബഹളങ്ങളിൽ നിന്ന് മാറി കോതമംഗലം ആറിന്റെ തീരത്ത് രണ്ടര ഏക്കർ സ്ഥലം 1983-ൽ വാങ്ങിച്ചു. പിന്നീട് 2 ഏക്കർ സ്ഥലം കൂടി വാങ്ങിച്ചു. നൊവിഷ്യേറ്റ് ഭവനത്തിന്റെ നിർമ്മാണം പൂർത്തിയാക്കി 1985-ൽ വെഞ്ചരിച്ചു. 2 മാസത്തിനുശേഷം മാറികയിൽ നിന്ന് 46 നോവീസസും അവരുടെ മിസ്ട്രസ്സുമാരുമുൾപ്പെടെ ഇവിടെ താമസമാരംഭിച്ച് നൊവീഷ്യേറ്റ് തുടർന്നു. ഇതോടൊപ്പം ഏതാനും സിസ്റ്റേഴ്സും ഇവിടെ താമസമാരംഭിച്ചു. അരമനയിൽ നിന്ന് അഭിവന്ദ്യ പിതാവും പണ്ഡിതരായ വൈദീകരും നൊവീസസിന് ക്ലാസ്സെടുത്തിരുന്നു. എല്ലാദിവസവും തന്നെ ഇവിടെ നടക്കുന്ന 13 മണി ആരാധനയിൽ അയൽക്കാർ വന്ന് സജീവമായി പങ്കെടുക്കുന്നു. ഭവനസന്ദർശനം, കുടുംബകൂട്ടായ്മ തുടങ്ങിയവയിലൂടെ സിസ്റ്റേഴ്സ് തങ്ങളുടെ സേവനം സമർപ്പിക്കുന്നു.